കേരള കാർഷിക സർവ്വകലാശാല
മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ

**കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്ക് സർവ്വകലാശാലയിലെ അദ്ധ്യാപകരിൽ നിന്നും നാല് അംഗങ്ങളുടെയും സർവ്വകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്നും രണ്ട് അംഗങ്ങളുടെയും സർവ്വകലാശാലയിലെ അനദ്ധ്യാപക വിഭാഗം ജീവനക്കാരിൽ നിന്നും രണ്ട് അംഗങ്ങളുടെയും സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നും രണ്ട് അംഗങ്ങളുടെയും തിരഞ്ഞെടുപ്പ്**

(1971-ലെ കേരള കാർഷിക സർവ്വകലാശാല നിയമത്തിലെ വകുപ്പ് -10-ൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ (3) മുതൽ (6) വരെ ഇനങ്ങൾ അനുസരിച്ച് )

**വിജ്ഞാപനം**

**നമ്പർ: ജിഎ/ജി1/1689/2020**

**തീയ്യതി : 21.08.2020**

കേരള കാർഷിക സർവ്വകലാശാല നിയമം, 1971-ലെ വകുപ്പ് 11(1) പ്രകാരം സർവ്വകലാശാല ജനറൽ കൗൺസിൽ പുന:സംഘടിപ്പിക്കേണ്ട സാഹചര്യം സംജാതമാകയാൽ, കാർഷിക സർവ്വകലാശാല നിയമത്തിലെ വകുപ്പ് -10-ൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ (3) മുതൽ (6) വരെ ഇനങ്ങളും കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ അധികാര സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച സ്റ്റാറ്റ്യൂട്ട് എസ്.ആർ.ഒ. നമ്പർ 678/74-ലെ വ്യവസ്ഥകളും അടിസ്ഥാനമാക്കി കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്ക് 10 അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ചുവടെ പേര് ചേർത്തിട്ടുള്ള വരണാധികാരിയായ ഞാൻ വിജ്ഞാപനം ചെയ്യുന്നതെന്തെന്നാൽ:

1. കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്ക് സർവ്വകലാശാലയിലെ അദ്ധ്യാപകരിൽ നിന്നും നാല് അംഗങ്ങളെയും സർവ്വകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്നും രണ്ട് അംഗങ്ങളെയും സർവ്വകലാശാലയിലെ അനദ്ധ്യാപക വിഭാഗം ജീവനക്കാരിൽ നിന്നും രണ്ട് അംഗങ്ങളെയും സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നും രണ്ട് അംഗങ്ങളെയും ആനുപാതിക പ്രാതിനിത്യ തത്വമനുസ്സരിച്ച് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന തെരഞ്ഞെടുക്കുന്നതിനായി ബന്ധപ്പെട്ട നിയോജകഗണത്തിൽ നിന്ന് താഴെപ്പറയുന്ന പരിപാടി അനുസരിച്ച് തെരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നതാണ്.

| | | |
|---|---|---|
| 1 | നാമനിർദ്ദേശ പത്രിക വരണാധികാരിക്ക് സമർപ്പിക്കേണ്ട അവസാന തിയ്യതിയും സമയവും | 4.09.2020, (വെള്ളി)<br>വൈകുന്നേരം 5.00 മണി |
| 2 | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്ന തീയതിയും സ്ഥലവും | 07.09.2020, (തിങ്കൾ)<br>പകൽ 11.00 മണി, കോൺഫറൻസ് ഹാൾ, സർവ്വകലാശാല ആസ്ഥാന മന്ദിരം |
| 3 | സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന തിയ്യതി | 07.09.2020, (തിങ്കൾ) |
| 4 | സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തിയ്യതിയും സമയവും | 11.09.2020, (വെള്ളി )<br>വൈകുന്നേരം 4.00 മണി |
| 5 | മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയ്യതി | 11.09.2020, (വെള്ളി ) |
| 6 | വോട്ടെടുപ്പ് തിയ്യതിയും സമയവും | 29.09.2020, (ചൊവ്വ)<br>രാവിലെ 9.00 മണി മുതൽ ഉച്ചതിരിഞ്ഞ് 1.00 മണി വരെ |
| 7 | വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകളുടെ സൂക്ഷ്മ പരിശോധനയും വോട്ടെണ്ണലും നടത്തുന്ന തീയതിയും സ്ഥലവും | 1.10.2020, (വ്യാഴം)<br>രാവിലെ 10.00 മണി .<br>കോൺഫറൻസ് ഹാൾ, സർവ്വകലാശാല ആസ്ഥാന മന്ദിരം. |

2. 18.05.2020ന് പ്രസിദ്ധീകരിച്ചതും 02.06.2020–വരെ തിരുത്തപ്പെട്ടതുമായ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുവർക്ക് മാത്രമേ അതത് വിഭാഗത്തിലെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. തെരഞ്ഞെടുപ്പ് തിയ്യതിക്ക് മുമ്പ് ഏതെങ്കിലും കാരണവശാൽ ബന്ധപ്പെട്ട നിയോജകഗണത്തിലെ അംഗത്വം നഷ്ടപ്പെടുന്നവർക്ക് തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന് അർഹത ഇല്ലാതാകുന്നതാണ്.

3. തെരെഞ്ഞെടുപ്പ് ആവശ്യമായി വരുന്ന പക്ഷം സർവ്വകലാശാല ഓഫീസുകൾ, കോളേജുകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വച്ച് വോട്ടെടുപ്പ് നടത്തുന്നതാണ്. പോളിംഗ് സ്റ്റേഷനുകളുടെ പേര്, പോളിംഗ് പ്രദേശം, വോട്ടർമാർക്ക് അനുവദിച്ചിട്ടുള്ള പോളിംഗ് സ്റ്റേഷൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

4. നാമനിർദ്ദേശത്തിനുള്ള ഫോറങ്ങൾ, വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ട അംഗങ്ങൾക്ക് വരണാധികാരിയായ രജിസ്ട്രാറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. നാമനിർദ്ദേശത്തിനുള്ള നിർദ്ദിഷ്ട ഫോറത്തിൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പത്രികകൾ സമർപ്പിക്കേണ്ടത്. നാമനിർദേശ പത്രിക സമർപ്പിക്കുന്നകവറിനുപുറത്ത് "ജനറൽ കൗൺസിലിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രിക (വിഭാഗം: ....................)" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

5. സ്ഥാനാർത്ഥിക്കും, സ്ഥാനാർത്ഥി രേഖാമൂലം ചുമതലപ്പെടുത്തിയതും വരണാധികാരിയുടെ അംഗീകാരം നേടിയതുമായ ഒരു പ്രതിനിധിക്കും നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

Girija.D

ഡോ .ഡി.ഗിരിജ
വരണാധികാരി &
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല

നോട്ടീസ് ബോർഡ്/ കെ.എ.യു വെബ് സൈറ്റ്